ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 03.02.2026 | പ്രധാന വാർത്തകൾ | TIME: 07.25 PM

1. വിവിധ വിഷയങ്ങൾ ഉന്നയിച്ച് ലോക്സഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. സഭയിൽ മോശമായി പെരുമാറിയെന്ന് കാണിച്ച് ഹൈബി ഈഡൻ, ഡീൻ കുര്യാക്കോസ് ഉൾപ്പെടെയുള്ള എട്ട് പ്രതിപക്ഷ എംപിമാർക്ക് സസ്പെൻഷൻ. രാജ്യസഭയിൽ നന്ദിപ്രമേയ ചർച്ച തുടരുന്നു.

   **Uproar by opposition members in Loksabha. Eight opposition MPs, including Hibi Eden and Dean Kuriakose, were suspended on charges of misconduct in the House. In the Rajya Sabha, the discussion on the Motion of Thanks is continuing.**

2. രാജ്യത്തെ യുവജനങ്ങളുമായി സംവദിക്കുന്നത് ഉന്മേഷദായകമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; വെള്ളിയാഴ്ച നടക്കുന്ന പരീക്ഷ പേ ചർച്ച വീക്ഷിക്കാൻ പൗരന്മാരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി.

   **PM Narendra Modi says, interacting with the youth of the country is refreshing; Calls on Citizens to Watch Pariksha Pe Charcha on Friday.**

3. ഇന്ത്യയുടെ ദേശീയ താൽപര്യം മുൻനിർത്തിയുള്ള ചരിത്രപരമായ വ്യാപാര കരാറിനാണ് ഇന്ത്യയും അമേരിക്കയും തമ്മിൽ ധാരണയായതെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ.

Historic India–US Trade Deal Puts National Interest First, says Commerce and Industry Minister Piyush Goyal.

4. ശബരിമല വിഷയത്തിൽ നിയമസഭ ഇന്നും പ്രക്ഷുബ്ധം. സഭാ നടപടികൾ ബഹിഷ്കരിച്ച് പ്രതിപക്ഷം.

   Kerala Assembly Remains Turbulent Over Sabarimala Issue; Opposition Boycotts Proceedings.

5. നിരവധി മലയാള ചലച്ചിത്ര ഗാനങ്ങൾക്ക് ഈണമിട്ട സംഗീത സംവിധായകൻ SP വെങ്കടേഷ് അന്തരിച്ചു; അനുശോചിച്ച് മുഖ്യമന്ത്രി ഉൾപ്പടെയുള്ളവർ.

   Veteran Music Composer S P Venkatesh, Who Set Tunes for Numerous Malayalam Film Songs, Passes Away; Kerala CM and Others Condole.

6. സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടറിൽ അസമിനെ തകർത്ത് കേരളം സെമിയിൽ.

   Kerala Storm into Santosh Trophy Semifinals, Thump Assam in Quarterfinal.

## LS - MP SUSPENSION

വിവിധ വിഷയങ്ങൾ ഉന്നയിച്ച് ലോക്സഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. ഒന്നിലേറെ തവണ നിർത്തിവച്ച ശേഷം സഭാ നടപടികൾ പുനരാരംഭിച്ചെങ്കിലും, ബഹളം തുടർന്നതോടെ ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. അതിനിടെ, സഭയിൽ മോശമായി പെരുമാറിയെന്ന് ചൂണ്ടിക്കാട്ടി ഹൈബി ഈഡൻ, ഡീൻ കുര്യാക്കോസ് ഉൾപ്പെടെയുള്ള എട്ട് പ്രതിപക്ഷ എംപിമാരെ സസ്പെൻഡ് ചെയ്തു. ബജറ്റ് സമ്മേളന കാലയളവിലേക്കാണ് സസ്പെൻഷൻ. സഭയിലെ മോശം പെരുമാറ്റവും ചട്ടലംഘനവും കണക്കിലെടുത്ത് ഏഴു കോൺഗ്രസ് എംപിമാരെയും ഒരു സി.പി.ഐ അംഗത്തിനെയും

സസ്പെൻഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള പ്രമേയം പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജുവാണ് അവതരിപ്പിച്ചത്. പ്രമേയം ശബ്ദവോട്ടോടെ സഭ പാസാക്കുകയായിരുന്നു. തുടർന്ന്, സഭ ഇന്നത്തേക്ക് പിരിഞ്ഞതായും നാളെ രാവിലെ 11 മണിക്ക് വീണ്ടും സമ്മേളിക്കുമെന്നും സ്പീക്കർ അറിയിച്ചു. അതേസമയം രാജ്യസഭയിൽ നന്ദിപ്രമേയ ചർച്ച തുടരുകയാണ്.

**************************

## LS - G RAM G ACT

2025 ലെ വികസിത ഭാരത്-ഗ്യാരണ്ടി ഫോർ റോസ്ഗാർ ആൻഡ് ആജീവിക മിഷൻ (ഗ്രാമീൺ) ആക്ട് എല്ലാവരെയും ഉൾച്ചേർത്തുള്ള വികസനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമിട്ടുള്ളതാണെന്ന് കേന്ദ്ര സർക്കാർ. സ്ത്രീകളുടെ മൂന്നിലൊന്ന് പങ്കാളിത്തമെങ്കിലും ഉറപ്പാക്കുമെന്നും സ്ത്രീകൾക്കൊപ്പം അഞ്ച് വയസ്സിന് താഴെയുള്ള അഞ്ചോ അതിലധികമോ കുട്ടികളുണ്ടെങ്കിൽ ജോലിസ്ഥലങ്ങളിൽ ക്രെഷ് സൗകര്യം ഒരുക്കുമെന്നും കൃഷി സഹമന്ത്രി കമലേഷ് പാസ്വാൻ ലോക്സഭയിൽ പറഞ്ഞു.

**************************

## PREZ-ODISHA VISIT (INTRO)

സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും വളർച്ചയും സുരക്ഷയും സാങ്കേതിക വികസനവും രാജ്യപുരോഗതിക്ക് കരുത്ത് പകരുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഒഡീഷയിലെ ബാലസോറിൽ ഫക്കീർ മോഹൻ സർവകലാശാലയുടെ 12-ാമത് ബിരുദദാന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി.

(ഹോൾഡ് വോയിസ്)

പുരാതന ഗ്രന്ഥങ്ങൾ, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം, വാസ്തുവിദ്യ തുടങ്ങിയ മേഖലകൾ അറിവുകളുടെ ഉറവിടമാണെന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. നവീകരണവും സാമൂഹിക പരിവർത്തനവും ലക്ഷ്യമിട്ട് വേണം രാജ്യത്തെ സർവകലാശാലകൾ പ്രവർത്തിക്കാനെന്നും ശ്രീമതി മുർമു പറഞ്ഞു. ആറ് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് രാഷ്ട്രപതി ഒഡീഷയിലെത്തിയത്.

***************************

## INDIA - US

ഇന്ത്യ-യുഎസ് വ്യാപാര കരാറിൽ ധാരണയായി. ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ മേൽ അമേരിക്ക ഏർപ്പെടുത്തിയ ഇറക്കുമതി തീരുവ 18 ശതമാനമായി കുറയ്ക്കാൻ തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. 140 കോടി ഇന്ത്യൻ ജനതയുടെ പേരിൽ പ്രസിഡന്റ് ട്രംപിന് നന്ദി രേഖപ്പെടുത്തുന്നതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇന്ത്യയ്ക്കും അമേരിക്കയ്ക്കുമിടയിലെ മനോഹര ബന്ധം ഇനിയും ശക്തിപ്പെടുമെന്ന് ട്രംപ് അറിയിച്ചു.

***************************

## PM-NDA MEETING

അമേരിക്കയുമായുള്ള ഇന്ത്യയുടെ ചരിത്രപ്രധാനമായ വ്യാപാര കരാർ സുസ്ഥിര പ്രയത്നത്തിന്റെ ഫലമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടന്ന പാർലമെന്ററി പാർട്ടി യോഗത്തിൽ എൻഡിഎ എംപിമാരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ഇന്ത്യയ്ക്ക് കൂടുതൽ അനുകൂല സാധ്യതകളാണുള്ളതെന്നും പ്രധാനമന്ത്രി പറഞ്ഞു.

***************************

## GOYAL-INDIA US (INTRO)

ഇന്ത്യയുടെ ദേശീയ താൽപ്പര്യം മുൻനിർത്തിയുള്ള ചരിത്രപരമായ വ്യാപാര കരാറിനാണ് ഇന്ത്യയും അമേരിക്കയും തമ്മിൽ ധാരണയായതെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ആഗോള സമ്പദ്‌വ്യവസ്ഥയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുന്നതാണ് വ്യാപാര കരാറെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഉയർന്ന പകര തീരുവ പോലുള്ള വെല്ലുവിളികൾ നേരിട്ടിട്ടും ന്യായവും സന്തുലിതവുമായ വിപണി ഉറപ്പാക്കാൻ ഇന്ത്യയ്ക്ക് സാധിച്ചതായി കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

**(ഹോൾഡ് വോയിസ്....)**

കർഷകർ, മത്സ്യത്തൊഴിലാളികൾ, MSME കൾ, വനിതാ സംരംഭകർ, യുവാക്കൾ എന്നിവർക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കാൻ കരാറിലൂടെ സാധിക്കുമെന്ന് ശ്രീ ഗോയൽ പറഞ്ഞു. കരാറിൽ ഇന്ത്യയുടെ കാർഷിക താൽപ്പര്യങ്ങൾ പൂർണ്ണമായും സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം ഉറപ്പ് നൽകി.

***************************

## PM- PARIKSHA PE CHARCHA

വെള്ളിയാഴ്ച നടക്കുന്ന പരീക്ഷ പേ ചർച്ച പരിപാടി വീക്ഷിക്കാൻ പൗരന്മാരോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തെ യുവജനങ്ങളുമായി സംവദിക്കുന്നത് ഉന്മേഷദായകമാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. സമ്മർദ്ദമില്ലാതെ പരീക്ഷകളെ നേരിടേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം എടുത്തു പറഞ്ഞു.

***************************

## SC - META VS CCI

ഉപഭോക്തൃ വിവരങ്ങൾ പങ്കിടാനും പൗരന്മാരുടെ സ്വകാര്യതയെ ചൂഷണം ചെയ്യാനും മെറ്റ ഉൾപ്പെടെയുള്ള ടെക് ഭീമന്മാർക്ക് അവകാശമില്ലെന്ന് സുപ്രീം കോടതി. കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ചുമത്തിയ 213 കോടി രൂപ പിഴക്കെതിരെ മെറ്റയും വാട്ട്സ്ആപ്പും സമർപ്പിച്ച അപ്പീലുകൾ പരിഗണിക്കുകയായിരുന്നു കോടതി. വിഷയത്തിൽ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അംഗമായ ബെഞ്ച് ഈ മാസം 9 ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കും.

***************************

## KERALA - ASSEMBLY

ശബരിമല വിഷയത്തിൽ നിയമസഭ ഇന്നും പ്രക്ഷുബ്ധം. പ്രതിപക്ഷ എംഎൽഎമാർ പ്രതിഷേധിക്കുന്നതിനിടെ ഒരംഗം സ്പീക്കറുടെ ഡയസിലേക്ക് ചാടിക്കയറാൻ ശ്രമിക്കുന്നത് അടക്കമുള്ള അത്യസാധാരണ രംഗങ്ങളായിരുന്നു നിയമസഭയിൽ അരങ്ങേറിയത്. ശബരിമല കേസ് അന്വേഷണത്തിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് പൂർണ സംതൃപ്തിയാണ് രേഖപ്പെടുത്തിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പിന്നീട് പ്രതിപക്ഷം ബഹിഷ്ക്കരണം പ്രഖ്യാപിച്ചു പുറത്തു പോകുകയും സഭയിൽ ബജറ്റ് ചർച്ച തുടരുകയും ചെയ്തു. നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉച്ചയോടെ പിരിഞ്ഞ സഭ നാളെ വീണ്ടും സമ്മേളിക്കും.

***************************

## S P VENKATESH

പ്രശസ്ത സംഗീത സംവിധായകൻ S.P വെങ്കടേഷ് അന്തരിച്ചു. 70 വയസ്സായിരുന്നു. 1986 ൽ രാജാവിന്റെ മകൻ എന്ന ചിത്രത്തിന് സംഗീതം നൽകി മലയാളത്തിൽ അരങ്ങേറ്റം കുറിച്ച അദ്ദേഹം ജോണി വാക്കർ, ധ്രുവം, കിലുക്കം, മിന്നാരം, വാത്സല്യം, കാബൂളിവാല തുടങ്ങി 150-ഓളം മലയാള ചിത്രങ്ങൾക്ക്

സംഗീതം നൽകി. സംഗീത സംവിധാനത്തിന് സംസ്ഥാന സർക്കാരിന്റെ പുരസ്കാരം ഉൾപ്പടെ ലഭിച്ചിട്ടുണ്ട്. നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വിഡി സതീശൻ തുടങ്ങിയവർ അനുശോചിച്ചു.

***************************

## ASSOCHAM- BUDGET INDIA-US

നടപ്പ് സാമ്പത്തിക വർഷം 6.8 മുതൽ 7.2 ശതമാനം വരെ വളർച്ചാ നിരക്ക് പ്രതീക്ഷിക്കുന്ന ഇന്ത്യ, ലോകത്തിലെ അതിവേഗം വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥകളിലൊന്നായി തുടരുകയാണെന്ന് കേന്ദ്ര ധനകാര്യ വകുപ്പ് സെക്രട്ടറി എം. നാഗരാജു. ന്യൂഡൽഹിയിൽ അസോചം സംഘടിപ്പിച്ച ബജറ്റാനന്തര സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യ - യുഎസ് വ്യാപാര കരാർ ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാര ബന്ധം മെച്ചപ്പെടുത്തുമെന്നും വ്യവസായ ശേഷി വർധിപ്പിക്കുമെന്നും ശ്രീ നാഗരാജു അഭിപ്രായപ്പെട്ടു.

***************************

## ANNOUNCEMENT

വിവിധ കേന്ദ്ര പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. കേന്ദ്രബജറ്റ് 2026-27 നെ കുറിച്ചുള്ള ചർച്ച നാളെ ഉച്ചയ്ക്ക് 1.45 ന് കേൾക്കാം. ചർച്ചയിൽ സാമ്പത്തിക വിദഗ്ധ പ്രൊഫ. മേരി ജോർജ്ജ് സംസാരിക്കുന്നു.

***************************

## AIR FORCE - CYCLE RALLY (INTRO)

വ്യോമസേനയുടെ കെ ടു കെ : കന്യാകുമാരി - കാർഗിൽ സൈക്കിൾ റാലിക്ക് ആക്കുളം ദക്ഷിണ വ്യോമസേനാ കേന്ദ്രത്തിൽ നിന്നു തുടക്കമായി. ഗ്രൂപ് ക്യാപ്റ്റൻ ചന്ദ്രശേഖറാണ് റാലിക്ക് നേതൃത്വം നൽകുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(ഹോൾഡ് വോയിസ്)

***************************

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടറിൽ അസമിനെ മൂന്നു ഗോളിന് തകർത്ത് കേരളം സെമി ഫൈനലിൽ. മറ്റന്നാൾ നടക്കുന്ന സെമിയിൽ പഞ്ചാബാണ് കേരളത്തിന്റെ എതിരാളി. മറ്റൊരു ക്വാർട്ടർ പോരാട്ടത്തിലെ പെനാൽട്ടി ഷൂട്ടൗട്ടിൽ സർവ്വീസസിനോട് പരാജയപ്പെട്ട് നിലവിലെ ചാമ്പ്യന്മാരായ പശ്ചിമ ബംഗാൾ പുറത്തായി. റെയിൽവെയാണ് സെമിയിൽ സർവീസസിന്റെ എതിരാളികൾ.

***************************

## VOTERS LIST

കേരളത്തിൽ SIR ന്റെ ഭാഗമായുള്ള അന്തിമ വോട്ടർ പട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും. ഇതുവരെ ലഭിച്ച അംഗീകരിക്കപ്പെട്ട അപേക്ഷകൾ ഉൾപ്പെടുത്തിയാകും പട്ടിക പ്രസദ്ധീകരിക്കുന്നതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ അറിയിച്ചു.

*

************

*****************************************